www.snbssamajam.in
Phone : 2820666

# S.N.B.S. SAMAJAM

Irinjalakuda

Reg.No.5/1103

## ശ്രീനാരായണ ഭക്ത സമുദായോദ്ധാരണി സമാജം

ഇരിങ്ങാലക്കുട



..................2022...............

# 94-ാം വാർഷിക

# പൊതുയോഗം നോട്ടീസ്

# ശ്രീനാരായണ ഭക്തസമുദായോദ്ധാരണി സമാജം (രജി.) ഇരിങ്ങാലക്കുട

## തിരഞ്ഞെടുപ്പ് വിജ്ഞാപനം

ഇരിങ്ങാലക്കുട ശ്രീനാരായണ ഭക്തസമുദായോദ്ധാരണി സമാജത്തിന്റെ 2022-2024 വർഷങ്ങളിലെ ഭരണകമ്മിറ്റിയിലേക്കുള്ള പതിനഞ്ചംഗങ്ങളുടെ തിരഞ്ഞെടുപ്പ് 2022 ജൂലൈ 17-ാം തിയ്യതി ഞായറാഴ്ച സമാജം നിയമാവലി 9-ാം വകുപ്പ് പ്രകാരമുള്ള തിരഞ്ഞെടുപ്പ് ചട്ടങ്ങളനുസരിച്ച് നടത്തുന്നതാണ്.

തിരഞ്ഞെടുപ്പിൽ പങ്കെടുക്കുവാൻ അർഹതയുള്ള അംഗങ്ങളുടെ കരട് വോട്ടർ പട്ടിക സമാജം നോട്ടീസ് ബോർഡിൽ 2022 ജൂൺ 14-ാം തിയ്യതി ചൊവ്വാഴ്ച രാവിലെ 11 മണിക്ക് പ്രസിദ്ധീകരിക്കുന്നതും ആയതിൽ എന്തെങ്കിലും പരാതി ഉണ്ടെങ്കിൽ ജൂൺ 21-ാം തിയ്യതി ചൊവ്വാഴ്ച പകൽ 11 മണിക്ക് മുമ്പായി സമാജം ഓഫീസിൽ രേഖാമൂലം പരാതി നൽകേണ്ടതുമാണ്. പരാതികൾ പരിശോധിച്ച ശേഷം മെമ്പർമാരുടെ അവസാന വോട്ടർപട്ടിക 2022 ജൂൺ മാസം 22-ാം തിയ്യതി ബുധനാഴ്ച രാവിലെ 11 മണിക്ക് സമാജം ഓഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുന്നതാണ്.

ആകെ പതിനഞ്ചംഗങ്ങളെ തിരഞ്ഞെടുക്കാനുള്ളതുകൊണ്ട് ഓരോ വോട്ടർക്കും പതിനഞ്ച് വോട്ടുകൾ രേഖപ്പെടുത്താൻ അവകാശമുണ്ടായിരിക്കുന്നതാണ്.

(A) ജനറൽ 11, (B) പ്രാദേശികം 4

സ്ഥാനാർത്ഥികളാകാൻ ആഗ്രഹിക്കുന്നവരുടെ അപേക്ഷയിന്മേൽ നാമ നിർദ്ദേശപത്രികകൾ 2022 ജൂൺ 23-ാം തിയ്യതി വ്യാഴാഴ്ച മുതൽ ജൂൺ 25-ാം തിയ്യതി ശനിയാഴ്ച രാവിലെ 11 മണി വരെ നൽകുന്നതാണ്.

തിരഞ്ഞെടുക്കുന്ന മെമ്പർമാരിൽ ടൗൺ പടിഞ്ഞാട്ടുമുറി, പുല്ലൂർ, കോമ്പാറ, തുറവൻകാട് എന്നീ പ്രദേശത്തുകാരായി ഒരാൾ വീതം ഉണ്ടായിരിക്കേണ്ടതാണ്. നാമ നിർദ്ദേശപത്രികകൾ (A) ജനറലിലേക്കാണോ (B) ഒരു പ്രത്യേക പ്രദേശത്തേക്കാണോ എന്ന് ചേർക്കേണ്ടതാണ്.

ഒരു സ്ഥാനാർത്ഥി ഒന്നിൽ കൂടുതൽ സ്ഥാനങ്ങളിലേക്ക് മത്സരിക്കുവാൻ പാടുള്ളതല്ല. നാമനിർദ്ദേശ പത്രികയിൽ പ്രസിദ്ധീകരിച്ച അംഗലിസ്റ്റിലെ ഒരാൾ നിർദ്ദേശകൻ എന്ന നിലയിലും മറ്റൊരാൾ പിന്താങ്ങുന്ന ആൾ എന്ന നിലയിലും ഒപ്പിട്ടിരിക്കേണ്ടതാണ്. കൂടാതെ തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയായി നിൽക്കാൻ തയ്യാറാണെന്ന പ്രഖ്യാപനത്തിൽ സ്ഥാനാർത്ഥിയും ഒപ്പിട്ടിരിക്കണം.

2022 ജൂൺ 26-ാം തിയ്യതി ഞായറാഴ്ച രാവിലെ 10.30 മുതൽ 1 മണി വരെ സമാജം ആഫീസിൽ വെച്ച് റിട്ടേണിംഗ് ഓഫീസർ നാമ നിർദ്ദേശ പത്രികകൾ സ്വീകരിക്കുന്നതാണ്.

2022 ജൂൺ 28-ാം തിയ്യതി ചൊവ്വാഴ്ച 3 മണിക്ക് നാമനിർദ്ദേശപത്രികകളുടെ സൂക്ഷ്മപരിശോധന നടത്തി സ്വീകരിച്ചവരുടെ അവസാന ലിസ്റ്റ് പരസ്യപ്പെടുത്തുന്നതായിരിക്കും 2022 ജൂലൈ മാസം 1-ാം തിയ്യതി വെള്ളിയാഴ്ച 3 മണി വരെ സ്ഥാനാർത്ഥികൾക്ക് തങ്ങളുടെ നാമനിർദ്ദേശപത്രികകൾ പിൻവലിക്കാവുന്നതാണ്. തുടർന്ന് അന്തിമ സ്ഥാനാർത്ഥിപട്ടിക പ്രസിദ്ധീകരിക്കുന്നതാണ്.

ഏതെങ്കിലും സ്ഥാനത്തേക്ക് തിരഞ്ഞെടുപ്പ് ആവശ്യമില്ലാതെ വരികയാണെങ്കിൽ അന്നു തന്നെ ഇക്കാര്യം നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുന്നതാണ്.

മത്സരമുണ്ടാകുന്നപക്ഷം 2022 ജൂലൈ 17-ാം തിയ്യതി ഞായറാഴ്ച രാവിലെ 7 മണി മുതൽ 1 മണി വരെ സമാജം മിനിഹാളിൽ വെച്ച് രഹസ്യ ബാലറ്റടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പ് നടത്തുന്നതും അന്നുതന്നെ വോട്ടെണ്ണി ഫലപ്രഖ്യാപനം നടത്തുന്നതുമാണ്. കൂടുതൽ വിവരങ്ങൾ റിട്ടേണിംഗ് ഓഫീസറിൽ നിന്ന് നേരിട്ട് അറിയാവുന്നതാണ്.

**മെമ്പർമാർ വോട്ട് രേഖപ്പെടുത്തുവാൻ വരുമ്പോൾ സമാജം തിരിച്ചറിയൽ കാർഡോ ഇലക്ഷൻ കമ്മീഷൻ അംഗീകരിക്കുന്ന ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡോ കൊണ്ടുവരേണ്ടതാണ്.**

ഇരിങ്ങാലക്കുട
13-06-2022

(ഒപ്പ്)
അഡ്വ.എ.എം.പ്രകാശൻ
ഇരിങ്ങാലക്കുട
റിട്ടേണിംഗ് ഓഫീസർ

# എസ്.എൻ.ബി.എസ്. സമാജം (രജി.) ഇരിങ്ങാലക്കുട

## (ശ്രീനാരായണ ഭക്ത സമുദായോദ്ധാരണി സമാജം)

# 94 –ാം വാർഷിക പൊതുയോഗം നോട്ടീസ്

മാന്യ ശ്രീനാരായണീയരെ,

എസ്.എൻ.ബി.എസ്. സമാജത്തിന്റെ 94-ാം വാർഷിക പൊതുയോഗം **2022 ജൂലൈ 17–ാം തിയ്യതി ഞായറാഴ്ച രാവിലെ 10 മണിക്ക് ശ്രീനാരായണ ഹാളിൽ വെച്ച്** പ്രസിഡണ്ട് **ശ്രീ. വിശ്വംഭരൻ മുക്കുളം** അവർകളുടെ അദ്ധ്യക്ഷതയിൽ അന്യത്ര ചേർത്തിരിക്കുന്ന കാര്യപരിപാടികളനുസരിച്ച് നടത്തുവാൻ നിശ്ചയിച്ചിരിക്കുകയാണ്. യോഗത്തിൽ താങ്കളുടെ മഹനീയ സാന്നിദ്ധ്യം സാദരം ക്ഷണിച്ചുകൊള്ളുന്നു.

എന്ന്,

ഇരിങ്ങാലക്കുട (ഒപ്പ്)

13-06-2022 **സി. വി. രാമാനന്ദൻ ചെറാക്കുളം**

(സെക്രട്ടറി)

**ഭരണസമിതി അംഗങ്ങൾ**

| | | |
|---|---|---|
| 1. | **ശ്രീ. എം. കെ. വിശ്വംഭരൻ** | പ്രസിഡണ്ട് |
| 2. | **ശ്രീ. പ്രവികുമാർ ചെറാക്കുളം** | വൈസ് പ്രസിഡണ്ട് |
| 3. | **ശ്രീ. രാമാനന്ദൻ ചെറാക്കുളം** | സെക്രട്ടറി |
| 4. | **ശ്രീ. സിബിൻ കൂനാക്കംപ്പിള്ളി** | ജോ.സെക്രട്ടറി |
| 5. | **ശ്രീ. ഗോപി മണമാടത്തിൽ** | ട്രഷറർ |
| 6. | **ശ്രീ. സജീവ് എലിഞ്ഞിക്കോടൻ** | കമ്മിറ്റി മെമ്പർ |
| 7. | **ശ്രീ. പ്രകാശൻ കുരുമ്പംകണ്ടത്ത്** | കമ്മിറ്റി മെമ്പർ |
| 8. | **ശ്രീ. പ്രദീപ് എളന്തോളി** | കമ്മിറ്റി മെമ്പർ |
| 9. | **ശ്രീ. പ്രദീപ് ചോളിപറമ്പിൽ** | കമ്മിറ്റി മെമ്പർ |
| 10. | **ശ്രീ. ജ്യോതിലാൽ എളന്തോളി** | കമ്മിറ്റി മെമ്പർ |
| 11. | **ശ്രീ. സത്യൻ തറയിൽ** | കമ്മിറ്റി മെമ്പർ |
| 12. | **ശ്രീ. കുമാരൻ പൊതുമ്പുചിറക്കൽ** | കമ്മിറ്റി മെമ്പർ |
| 13. | **ശ്രീ. സുരേഷ് തുമ്പരത്തി** | കമ്മിറ്റി മെമ്പർ |
| 14. | **ശ്രീ. വിജു കൊറ്റിക്കൽ** | കമ്മിറ്റി മെമ്പർ |
| 15. | **ശ്രീ. സോമസുന്ദരൻ കൊളത്തുപറമ്പിൽ** | കമ്മിറ്റി മെമ്പർ |

**ഇന്റേണൽ ഓഡിറ്റേഴ്സ്**

**ശ്രീ. ടി. ജി. ഹരി & ചന്ദ്രൻ. കെ. കെ.**

**ലീഗൽ അഡ്വൈസർ**

**അഡ്വ. എൻ. കെ. പ്രമോദ്**

**ഓഡിറ്റർ**

**ഉണ്ണികൃഷ്ണൻ & കമ്പനി, ചാർട്ടേഡ് എക്കൗണ്ടന്റ്, ഇരിങ്ങാലക്കുട**

# 2022 ജൂലൈ മാസം 17-ാം തിയ്യതിയിലെ വാർഷിക പൊതുയോഗത്തിന്റെ

# കാര്യപരിപാടി

1. പ്രാർത്ഥന
2. സ്വാഗതം
3. അനുശോചന പ്രമേയം
4. 2018 ജൂലായ് 15-ാം തിയ്യതി ചേർന്ന വാർഷിക പൊതുയോഗത്തിന്റെ മിനിറ്റ്സ് വായിച്ച് റിക്കാർഡാക്കുക
5. അദ്ധ്യക്ഷ പ്രസംഗം
6. 2018-2019,2019-20,2020-21,2021-22 വർഷത്തെ പ്രവർത്തന റിപ്പോർട്ട് വായിച്ച് അംഗീകരിക്കുക
7. 2018-2019,2019-20,2020-21,2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടും കണക്കുകളും വായിച്ച് അംഗീകരിക്കുക.
8. 2018-2019,2019-20,2020-21,2021-22വർഷത്തെ സപ്ലിമെന്ററി ബഡ്ജറ്റ് അംഗീകരിക്കുക.
9. 2019-20,2020-21,2021-22, 2022-23 വർഷത്തെ ബഡ്ജറ്റുകൾ വായിച്ച് പാസ്സാക്കുക.
10. പ്രമേയങ്ങളും ചോദ്യങ്ങളും
11. 2022-2023 വർഷത്തേക്കുള്ള ഓഡിറ്റർമാരെ തിരഞ്ഞെടുക്കുക.
12. കമ്മിറ്റി ഹാജരാക്കുന്ന മറ്റുകാര്യങ്ങൾ
13. 2022-2024 വർഷത്തെ ഭരണസമിതി ഫലപ്രഖ്യാപനം
14. ഉപസംഹാരം
15. കൃതജ്ഞത

NB :

1. ഫോട്ടോ പതിച്ച സമാജം ഐഡന്റിറ്റി കാർഡ് കൊടുത്തുവരുന്നുണ്ട് മെമ്പർമാർ 2 പാസ്പോർട്ട് സൈസ് ഫോട്ടോയുമായി ഓഫീസിൽ വന്ന് ഐഡന്റിറ്റി കാർഡ് കൈപ്പറ്റേണ്ടതാണ്.
2. പൊതുയോഗത്തിന് സമർപ്പിക്കാനുള്ള ചോദ്യങ്ങളും പ്രമേയങ്ങളും 02-07-2022 ശനിയാഴ്ച ഉച്ചതിരിഞ്ഞ് 4 മണിക്ക് മുമ്പായി സമാജം ഓഫീസിൽ കിട്ടിയിരിക്കേണ്ടതാകുന്നു.
3. എസ്.എസ്.എൽ.സി., പ്ലസ്ടു, ഡിഗ്രി തലങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള സ്കോളർ ഷിപ്പിനുള്ള അപേക്ഷകൾ സമാജത്തിൽ നൽകാവുന്നതാണ്.
4. തറയിൽ രാമൻ കൃഷ്ണൻകുട്ടി മെമ്മോറിയൽ എൻഡോവ്മെന്റിനു വേണ്ടി സമാജം അംഗങ്ങളുടെ മക്കൾക്ക് അപേക്ഷകൾ നൽകാവുന്നതാണ്.

# എസ്.എൻ.ബി.എസ്. സമാജം, ഇരിങ്ങാലക്കുട (രജി.)

# 2021-22 വർഷത്തെ പ്രവർത്തന റിപ്പോർട്ട്

മാന്യ മെമ്പർമാരെ,

2019 ജൂലായ് 7-ാം തിയ്യതി നടത്തുവാൻ നിശ്ചയിച്ചിരുന്ന 91-ാം വാർഷിക പൊതുയോഗം കോടതി ഉത്തരവിനെ തുടർന്നും 2020ലും 2021ലും നടത്തുവാൻ ഉദ്ദേശിച്ചിരുന്ന പൊതുയോഗം കോവിഡ്-19 രോഗം മൂലം വന്ന നിയമത്തിന്റെ അടിസ്ഥാനത്തിലും നടത്തുവാൻ സാധിച്ചിരുന്നില്ല. ഇപ്പോൾ കോവിഡ് കുറഞ്ഞതുമൂലം നിയമങ്ങളിൽ വന്ന ഇളവുകൾ കാരണം തെരഞ്ഞെടുപ്പോടുകൂടിയ വാർഷികപൊതു യോഗം നടത്താൻ സാധിക്കുമെന്നു പ്രതീക്ഷിക്കുന്നു.

**കുറികൾ**

സമാജം നടത്തിവരുന്ന കുറികൾ എല്ലാം വട്ടമെത്തി അവസാനിക്കാറായി. ആകെ 2 കുറികളാണ് നില വിലുള്ളത്. 1 പൂവ്വൽക്കുറിയും, 1 അർദ്ധവർഷക്കുറിയും. പുതിയ വരുമാനമാർഗ്ഗങ്ങൾ സമാജം തേടി പിടി ക്കേണ്ടതുണ്ട്.

**അംഗങ്ങൾ**

ഈ റിപ്പോർട്ട് വർഷം പുതിയ മെമ്പർമാരായി ആരേയും ചേർക്കുകയുണ്ടായില്ല.

**ക്ഷേത്രഭരണം**

കോവിഡ് 19 മാനദണ്ഡമനുസരിച്ചാണ് ക്ഷേത്രത്തിലെ പൂജകളും മറ്റു നടത്തിവന്നിരുന്നത്. ഫെബ്രു വരി 2-ാം വാരത്തോടുകൂടിയാണ് കോവിഡിന്റെ നിബന്ധനകളിൽ ഇളവുകൾ വന്നത്. കർക്കിടവാവുബലി യും തുലാമാസത്തിലെ വാവുബലിയും കോവിഡ് 19 മാനദണ്ഡപ്രകാരമാണ് നടത്തുവാൻ സാധിച്ചത്. കുറച്ച് പേർമാത്രമാണ് ടി ബലിതർപ്പണത്തിൽ പങ്കെടുത്തിരുന്നത്. എന്നാൽ ശിവരാത്രിക്ക് കോവിഡ് നിയന്ത്രണ ത്തിൽ ഇളവുകൾ വന്നത് മൂലം ബലിതർപ്പണത്തിന് ധാരാളം ജനങ്ങൾ പങ്കെടുക്കുകയുണ്ടായി. ആനയൂട്ട്, മഹാഗണപതിഹോമം, അയ്യപ്പൻവിളക്ക് എന്നിവ കോവിഡ്-19ന്റെ നിയമത്തിന്റെ അടിസ്ഥാനത്തിൽ നട ത്താൻ സാധിച്ചില്ല.

ക്ഷേത്രക്കുളം കഴിഞ്ഞമഴയിൽ അടിയിൽ നിന്നും ഇടിഞ്ഞതുമൂലം അത് അടിയിൽ നിന്ന്തന്നെ കരിങ്കല്ല് കൊണ്ട് കെട്ടിവരേണ്ടതായിവന്നു. ഏകദേശം നല്ലൊരുസംഖ്യ ചെലവുവന്നു. കൂടാതെ മിനിഹാളിന്റെ അടുത്ത് ഉണ്ടായിരുന്ന Latrin, Urinal ടൈൽ ഇട്ട് നല്ലരീതിയിൽ പണിതു.

**ഗുരുമന്ദിരം**

ഈ റിപ്പോർട്ട് വർഷത്തിൽ ഗുരുമന്ദിരത്തിൽ ചതയദിനത്തിൽ കോവിഡ്-19 മാനദണ്ഡമനുസരിച്ച് പ്രത്യേകപൂജകൾ ഒന്നും നടത്താൻ സാധിച്ചിരുന്നില്ല. എന്നാൽ കാവടി പൂരമഹോത്സവത്തിന് ജനുവരി 17 -ാം തിയ്യതിയിലെ കൊടികയറ്റദിവസം ശ്രീ ബോധാനന്ദസ്വാമിയുടെ ഒരു ഫോട്ടോ ഗുരുമന്ദിരത്തിൽ അനാ ച്ഛാദനം ചെയ്യാൻ സാധിച്ചു. അതു ശിവഗിരിമഠം മഠാധിപതി ശ്രീമദ്. പ്രകാശാനന്ദ സ്വാമികളുടെ നിർദ്ദേശമ നുസരിച്ചായിരുന്നു. അത് സ്പോൺസർ ചെയ്തത് ഈഴുവൻപറമ്പിൽ ശ്രീ.ജനാർദ്ധനൻ അവർകൾ ആണ്

**നടപ്പന്തൽ**

തറയിൽ ബാലൻ അവർകളുടെ ഓർമ്മക്കായി അവരുടെ കുടുംബാഗങ്ങൾ പണികഴിപ്പിച്ച് തന്ന നടപന്തലിൽ കോവിഡ്-19 കാരണം ഈ റിപ്പോർട്ട് വർഷത്തിൽ കാര്യമായ പരിപാടികൾ ഒന്നും തന്നെ നടത്താൻ സാധിച്ചില്ല.

**ശ്രീനാരായണഹാളും, മിനിഹാളും**

കോവിഡ്-19 കാരണം വളരെ കുറച്ച് കല്ല്യാണങ്ങൾ മാത്രമാണ് നടന്നത്. വരുംവർഷത്തിൽ അതിന് മാറ്റം വരുമെന്ന് പ്രതീക്ഷിക്കുന്നു.

**SNBS സമാജം LPസ്കൂൾ**

കോവിഡ്-19 കാരണം ഓൺലൈൻ മുഖേനയാണ് ക്ലാസ്സുകൾ നടന്നിരുന്നത്. അവസാന രണ്ട് മാസമാണ് സ്കൂളിൽ കുട്ടികൾ വന്ന് ക്ലാസ്സുകൾ എടുക്കാൻ സാധിച്ചത്.

സ്കൂൾ മാനേജരുടെ നിയമനം സംബന്ധിച്ച കേസ് ബഹു. ഹൈക്കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസവകുപ്പ് അഡീഷണൽ ഡയറക്ടർ ഹിയറിംഗ് ഓൺലൈൻ മുഖേന 30-03-2022ൽ നടത്തുകയുണ്ടായി. സമാജത്തിനുവേണ്ടി സമാജം ലീഗൽ അഡ്വൈസർ അഡ്വ.പ്രമോദ് ആണ് ഹിയറിംഗിന് പങ്കെടുത്തത്. അതിന്റെ വിധി അടുത്തുതന്നെ വരുമെന്ന് പ്രതീക്ഷിക്കുന്നു.

എസ്.എൻ.ബി.എസ്.സമാജം എൽ.പി.സ്കൂളിന് പുതിയ ക്ലാസ്സ് മുറികൾ പണിയുന്നതിന് പഞ്ചായത്തിന്റെ അനുമതിക്ക് അപേക്ഷ നൽകിയിട്ടുണ്ട്. അടുത്തുതന്നെ അതിന് അനുമതി ലഭിക്കുമെന്ന് കരുതുന്നു. പുതിയ ക്ലാസ്സ്മുറികൾ പണിയേണ്ട ആവശ്യകതയേക്കുറിച്ച് കഴിഞ്ഞ പ്രവർത്തനറിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്. അതിനുള്ള ഫണ്ട് സ്വരൂപിക്കേണ്ടതുണ്ട്.

**എസ്.എൻ.വൈ.എസ്. ലൈബ്രറി**

കോവിഡ് 19 കാരണം കാര്യമായ ഒരു പ്രവർത്തനവും ഈ റിപ്പോർട്ട് വർഷത്തിലും നടത്തുവാൻ സാധിച്ചിട്ടില്ല.

**ശ്രീനാരായണഗുരുജയന്തി**

കോവിഡ് 19 കാരണം 167-ാം മത് ശ്രീനാരായണ ഗുരുജയന്തി ക്ഷേത്രത്തിൽ ചടങ്ങുമാത്രമായി നടത്തുവാനേ സാധിച്ചുള്ളൂ.

**ശ്രീനാരായണഗുരു സമാധി ദിനാചരണം**

കോവിഡ് 19 മാനദണ്ഡപ്രകാരം ഗുരുപൂജയും പ്രാർത്ഥനയും നടത്തുവാൻ മാത്രമാണ് സാധിച്ചത്.

**കാവടിപൂര മഹോത്സവം**

റിപ്പോർട്ട് വർഷത്തിലെ കാവടി-പൂര മഹോത്സവം ജനുവരി 17 മുതൽ 24 വരെ നടത്തുവാനാണ് തീരുമാനിച്ചിരുന്നത്. ജനുവരി 17ന് കൊടികയറ്റവും 22ന് പ്രാദേശിക വിഭാഗങ്ങളിൽനിന്ന് കാവടിവരവും 23ന് അഞ്ചാനകളോടെ പൂരവും നടത്തുവാനും 24ന് ആറാട്ടും നടത്തുവാനാണ് തീരുമാനിച്ചിരുന്നതും നോട്ടീസ് ഇറക്കിയിരുന്നതും. എന്നാൽ കോവിഡ് രോഗം വർദ്ധിച്ച സാഹചര്യത്തിൽ റോഡിൽ കൂടിയുള്ള കാവടി വരവിനോ പൂരം നമ്മൾ നിശ്ചയിച്ചിരുന്നതു പോലെ നടത്തുവാനോ അനുമതി നിഷേധിച്ചുകൊണ്ട് റവന്യൂവകുപ്പിൽ നിന്നും പോലീസ് മേധാവികളിൽ നിന്നും നോട്ടീസ് ലഭിച്ചു. നോട്ടീസ് ലഭിച്ച ഉടനെ പ്രാദേശിക ഉത്സവാഘോഷകമ്മിറ്റികളുടേയും, സമാജത്തിന്റെ സംയുക്ത മീറ്റിംഗ് വിളിക്കുകയും അതിൽ എടുത്ത തീരുമാനപ്രകാരം ഇപ്പോൾ പ്രാദേശിക വിഭാഗങ്ങളിൽ

നിന്ന് കാവടികൾ വരേണ്ടതില്ലായെന്നും പൂരം സമാജത്തിൽ നടത്തേണ്ടതില്ലായെന്നും ചടങ്ങുകൾ മാത്ര മായി ആഘോഷങ്ങൾ നടത്തുവാനും തീരുമാനിക്കുകയും ഉണ്ടായി. എന്നാൽ കോവിഡ് നിയന്ത്രണങ്ങൾ നീക്കിയാൽ കാവടിയാട്ടവും, പൂരവും നടത്താൻ ആലോചിക്കണമെന്നും പ്രാദേശിക ആഘോഷക്കമ്മിറ്റഇ ക്കാരുടെ നിർദ്ദേശം സമാജം അംഗീകരിക്കുകയും ചെയ്തു. ജനുവരി 17 മുതൽ 24 വരെ അമ്പലത്തിൽ നോട്ടീസിൽ പറഞ്ഞിരുന്നതുപോലെ ക്ഷേത്രത്തിൽ ചടങ്ങുകളും തന്ത്രിപൂജകളും നടത്തുകയുണ്ടായി.

**മാതൃസംഘം**

ക്ഷേത്രമാതൃസംഘത്തിലെ സഹോദരിമാർ ക്ഷേത്രത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി നല്ല രീതിയിൽ സഹ കരിച്ചുവരുന്നു. ക്ഷേത്രത്തിലെ വിശേഷങ്ങളായ ഉത്സവം, ചതയം, ബലിതർപ്പണം മുതലായ ദിവസങ്ങളിൽ അവരുടെ സേവനം വളരെ ഉപകാരപ്രദമാണ്.

**ശ്മശാനം**

ശ്മശാനം നല്ലരീതിയിൽ എല്ലാവർക്കും ഉപകാരപ്രദമാകും വിധം നടന്നുവരുന്നു. കഴിഞ്ഞ വർഷ ക്കാലത്ത് ശ്മശാനത്തിന്റെ പടിഞ്ഞാറുഭാഗം ഇടിഞ്ഞ് മണ്ണും കരിങ്കല്ലും ഇടിഞ്ഞ് മുനിസിപ്പാലിറ്റിവക ട്രഞ്ചിംഗ് ഗ്രൗണ്ടിന്റെ ഭാഗത്തേക്കു വീണു കിടക്കുന്നുണ്ട്. കുറച്ചു വർഷങ്ങൾക്കുമുമ്പ് മുനിസിപ്പൽ അധികൃതർ ശ്മശാനത്തിന്റെ മതിലിന് നേരെ താഴത്തേക്ക് മണ്ണ് എടുത്തതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്. ഇക്കാര്യം മുനിസിപ്പൽ അധികൃതരെ കണ്ട് കത്ത് നൽകുകയുണ്ടായി. എന്നാൽ അവർ അത് കെട്ടിതരുന്ന ഒരു നടപ ടിയും ഇതുവരെ കൈക്കൊണ്ടില്ല. ഉടനെ മതിൽ കെട്ടി ശരിയാക്കിയില്ലെങ്കിൽ അത് ശ്മശാനത്തിന്റെ കെട്ടി ടത്തെ ബാധിക്കും. ആയതിനാൽ സമാജം തന്നെ മതിൽ പണിത് ശരിയാക്കേണ്ടിവരും. ആയതിന് നല്ലൊരു തുക സമാജം കണ്ടെത്തേണ്ടതായി വരും.

റിപ്പോർട്ട് വർഷത്തിലെ പ്രവർത്തനങ്ങൾ വിജയിപ്പിക്കുന്നതിന് ആത്മാർത്ഥമായി സഹകരിക്കുകയും സഹായിക്കുകയും ചെയ്ത സമാജം ജീവനക്കാരോടും, യഥാസമയങ്ങളിൽ നിയമോപദേശങ്ങൾ നൽകി സഹായിച്ച ലീഗൽ അഡ്വൈസറോടും കണക്കുകൾ കൃത്യ സമയത്ത് ഓഡിറ്റ് ചെയ്ത തന്നെ ഓഡിറ്റർമാ രോടും എസ്.എൻ.വൈ.എസ്. , പ്രാദേശിക ഉത്സവാഘോഷക്കമ്മിറ്റി ഭാരവാഹികൾ ക്ഷേത്രം ശാന്തിമാർ, പത്ര - മാധ്യമപ്രവർത്തകരോടും പ്രത്യേകം നന്ദി പറഞ്ഞുകൊണ്ട് ഈ റിപ്പോർട്ട് മാന്യ സമാജം മെമ്പർമാ രുടെ ചർച്ചയ്ക്കും അംഗീകാരത്തിനുമായി സവിനയം സമർപ്പിക്കുന്നു.

ഇരിങ്ങാലക്കുട　　　　　　　　　　　　　　(ഒപ്പ്)

13 - 06 - 2022　　　　　　　　　　**സി. വി. രാമാനന്ദൻ ചെറാക്കുളം**

(സെക്രട്ടറി)

# എസ്.എൻ.ബി.എസ്.സമാജം, ഇരിങ്ങാലക്കുട
## ക്ഷേത്രഭരണം 2021–22 ലെ ലാഭചേതം

| ചേതം | ക. | പ. | ലാഭം | ക. | പ. |
|---|---|---|---|---|---|
| ഹാൾ ചിലവ് | 107186 | 00 | ഹാളിൽ നിന്നും വരവ് | 382000 | 00 |
| പൂജ | 535358 | 00 | നടവരവ് | 478578 | 00 |
| ഷഷ്ഠി | 138528 | 00 | ഭണ്ഡാരം വരവ് | 328828 | 00 |
| ജയന്തി & സമാധി | 3388 | 00 | സംഭാവന | 254101 | 00 |
| പറമ്പു സംരക്ഷണം | 12257 | 00 | വിവാഹസംഭാവന | 8401 | 00 |
| റിപ്പയേഴ്സ് & മെയിന്റനൻസ് | 788442 | 00 | വാടക | 120000 | 00 |
| പ്രിന്റിംഗ് & സ്റ്റേഷനറി | 4984 | 00 | പലിശ | 502 | 95 |
| നികുതി | 16532 | 00 | ഷഷ്ഠി | 19000 | 00 |
| പലവക | 9484 | 00 | പൂജ | 212535 | 00 |
| ചാരിറ്റി | 48000 | 00 | പറമ്പാദായം | 29833 | 00 |
| ഇൻഷൂറൻസ് | 22128 | 00 | അധികചിലവ് | 678845 | 19 |
| വിദ്യാഭ്യാസ ചിലവുകൾ | 8764 | 00 | | | |
| കേസ് | 33500 | 00 | | | |
| തേയ്മാനം | 783773 | 14 | | | |
| | **2512324** | **14** | | **2512324** | **14** |

# എസ്.എൻ.ബി.എസ്.സമാജം, ഇരിങ്ങാലക്കുട
# ക്ഷേത്രഭരണം 31–03–2022 ലെ മുതൽ കടം സ്റ്റേറ്റ്മെന്റ്

| കടം | ക. | പ. | മുതൽ | ക. | പ. |
|---|---|---|---|---|---|
| ക്യാപിറ്റൽ ഫണ്ട് | 9103362 | 87 | വസ്തുവഹകൾ, ബിൽഡിംഗ് മുതലായവ | 9069989 | 52 |
| കുറി അക്കൗണ്ട് | 2465560 | 63 | ഡെപ്പോസിറ്റ് ഇരിങ്ങാലക്കുട സർവ്വീസ് | | |
| മാതൃസംഗമം | 64943 | 00 | കോ-ഓപ്പറേറ്റീവ് ബാങ്ക് | 149015 | 00 |
| ഹാൾ ബുക്കിംഗ് അഡ്വാൻസ് | 240000 | 00 | ഡെപോസിറ്റ് ടൗൺ കോ-ഓപ്പറേറ്റീവ് ബാങ്ക് | 70948 | 00 |
| ബിൽഡിംഗ് ഫണ്ട് | 500000 | 00 | SNBS സമാജം LPസ്കൂൾ | 4854150 | 00 |
| വിവാഹവാർഷിക ദമ്പതിപൂജ | 113110 | 00 | ബാങ്ക് ബാലൻസ് | 34190 | 11 |
| ജന്മ നക്ഷത്ര പൂജാഫണ്ട് | 2002 | 00 | ഗുരുദേവ കൗൺസിലിംഗ് സെന്റർ | 50790 | 00 |
| ശ്മശാന നവീകരണ കമ്മറ്റി | 1750000 | 00 | കയ്യിരിപ്പ് | 9895 | 87 |
| **ആകെ** | **14238978** | **50** | **ആകെ** | **14238978** | **50** |

# എസ്.എൻ.ബി.എസ്.സമാജം, ഇരിങ്ങാലക്കുട
## കുറി 2021–2022 ലെ ലാഭചേതം

| ചേതം | ക. | പ. | ലാഭം | ക. | പ. |
|---|---|---|---|---|---|
| പലിശ | 343068 | 00 | പലിശ | 363750 | 00 |
| ശമ്പളം, അലവൻസ് | 585572 | 00 | കമ്മീഷൻ | 303584 | 00 |
| വാടക | 60000 | 00 | വട്ടമെത്തിയ കുറികളിൽ നിന്നുള്ള ആദായം | 585499 | 50 |
| പ്രിന്റിംഗ് & സ്റ്റേഷനറി | 7785 | 00 | സമാജം ചേർന്ന് നടത്തിയ കുറികളിൽ നിന്നുള്ള ആദായം | 164143 | 00 |
| കറന്റ് ചാർജ്ജ് | 12729 | 00 | | | |
| ടെലഫോൺ ചാർജ്ജ് | 10386 | 00 | | | |
| ബാങ്ക് ചാർജ്ജ് | 826 | 00 | | | |
| പ്രൊഫഷണൽ ടാക്സ് | 4900 | 00 | | | |
| യാത്രാചിലവ് | 58740 | 00 | | | |
| പോസ്റ്റേജ് | .............. | 00 | | | |
| കുറി, കമ്മറ്റി ചിലവ് | 15574 | 00 | | | |
| സ്വീപ്പിംഗ് ചാർജ്ജ് | 106850 | 00 | | | |
| ലിറ്റിഗേഷൻ ചാർജ്ജ് | 3504 | 00 | | | |
| സ്റ്റാഫ് & സബ്സ്ക്രൈബേഴ്സ് വെൽഫെയർഫണ്ട് | 19288 | 00 | | | |
| ബോണസ്സ് | 36126 | 00 | | | |
| പ്രൊഫഷണൽ ചാർജ്ജ് | 9180 | 00 | | | |
| സംഭാവന | 3000 | 00 | | | |
| ലൈബ്രറി | 1573 | 00 | | | |
| ഓഡിറ്റ് ഫീസ് | 35000 | 00 | | | |
| പ്രൊവിഡണ്ട് ഫണ്ട് | 38428 | 00 | | | |
| റിപ്പയേഴ്സ് | 13826 | 00 | | | |
| തേയമാനം | 31766 | 46 | | | |
| നീക്കിയിരിപ്പ് | 18855 | 04 | | | |
| **ആകെ** | **1416976** | **50** | | **1416976** | **50** |

# എസ്.എൻ.ബി.എസ്.സമാജം, ഇരിങ്ങാലക്കുട
## കുറി 2021–2022 ലെ മുതൽ കടംസ്റ്റേറ്റ്മെന്റ്

| കടം | ക. | പ. | മുതൽ | ക. | പ. |
|---|---|---|---|---|---|
| ക്യാപിറ്റൽ ഫണ്ട് | 1802083 | 02 | ഫർണീച്ചർ, വാൻ, ജനറേറ്റർ മുതലായവ | 177833 | 10 |
| റിസർവ്വ് ഫണ്ട് | 47236 | 62 | ക്ഷേത്രഭരണം | 2465560 | 63 |
| വിദ്യാഭ്യാസ ഫണ്ട് | 24109 | 00 | സമാജം കുറികൾ | 164014 | 00 |
| എൻഡോവ്മെന്റ് (പി.എ.മാണിക്ക്യൻ) | 23672 | 00 | റെന്റ് ഡെപ്പോസിറ്റ് | 900 | 00 |
| എൻഡോവ്മെന്റ് (തറയിൽ കൃഷ്ണൻകുട്ടി) | 5933 | 00 | എൻഡോവ്മെന്റ് | 28673 | 00 |
| ഡെയ്‌ലി കളക്ഷൻ | 115073 | 59 | വിദ്യാഭ്യാസ ഫണ്ട് | 20000 | 00 |
| ക്രഡിറ്റേഴ്സ് ഫോർ എക്സ്പെൻസസ് | 189374 | 00 | ഇൻകം ടാക്സ് പിടിച്ചത് | 885546 | 53 |
| കുറി അക്കൗണ്ട് | 2828026 | 34 | ബാങ്ക് ഡെപ്പോസിറ്റ് | 3455553 | 00 |
| കുറി സെക്യൂരിറ്റി ഡെപ്പോസിറ്റ് | 3701342 | 05 | ബാങ്ക് ബാലൻസ് | 1527077 | 33 |
| | | | കയ്യിരിപ്പ് | 11692 | 03 |
| **ആകെ** | **8736849** | **62** | **ആകെ** | **8736849** | **62** |

# എസ്. എൻ. ബി. എസ്. സമാജം ഇരിങ്ങാലക്കുട
## കുറി ബഡ്ജറ്റ് 2022–2023 വരവ്

| | ഇനവിവരം | 2021-22ലേക്ക് പ്രതീക്ഷിച്ചത് | | 2021-22ലെ അസ്സൽവരവ് | | 2022-23ലേക്ക് പ്രതീക്ഷിക്കുന്നത് | |
|---|---|---|---|---|---|---|---|
| 1. | കമ്മീഷൻ | 300000 | 00 | 303584 | 00 | 325000 | 00 |
| 2. | പലിശ | 500000 | 00 | 363750 | 00 | 400000 | 00 |
| 3. | വട്ടമെത്തിയ കുറികളിൽ നിന്നുള്ള ആദായം | 1000000 | 00 | 585499 | 50 | 600000 | 00 |
| 4. | സമാജം ചേർന്ന് നടത്തിയ കുറികളിൽ നിന്നുള്ള ആദായം | | 00 | 164143 | | 200000 | |
| | **ആകെ** | 1800000 | 00 | 1416976 | 50 | 1525000 | 00 |

## ചിലവ്

| | | | | | | | |
|---|---|---|---|---|---|---|---|
| 1. | പലിശ | 400000 | 00 | 343068 | 00 | 400000 | 00 |
| 2. | ശമ്പളം, അലവൻസ് | 600000 | 00 | 585572 | 00 | 425000 | 00 |
| 3. | വാടക | 60000 | 00 | 60000 | 00 | 60000 | 00 |
| 4. | പ്രിന്റിംഗ്, സ്റ്റേഷനറി | 10000 | 00 | 7785 | 00 | 10000 | 00 |
| 5. | കറന്റ് ചാർജ്ജ് | 20000 | 00 | 12729 | 00 | 20000 | 00 |
| 6. | ടെലഫോൺ ചാർജ്ജ് | 20000 | 00 | 10386 | 00 | 20000 | 00 |
| 7. | ബാങ്ക് ചാർജ്ജ് | 10000 | 00 | 826 | 00 | 10000 | 00 |
| 8. | പ്രൊഫഷണൽ ടാക്സ് | 10000 | 00 | 4900 | 00 | 10000 | 00 |
| 9. | യാത്രാചിലവ് | 100000 | 00 | 58740 | 00 | 75000 | 00 |
| 10. | പോസ്റ്റേജ് | 2000 | 00 | ............ | 00 | 2000 | 00 |
| 11. | പലവക | 5000 | 00 | ............ | 00 | 5000 | 00 |
| 12. | കുറി, കമ്മറ്റി ചിലവ് | 20000 | 00 | 15574 | 00 | 20000 | 00 |
| 13. | പരസ്യം | ............. | .... | ............ | 00 | ............ | ... |
| 14. | സ്വീപ്പിംഗ് | 100000 | 00 | 106850 | 00 | 120000 | 00 |
| 15. | ലിറ്റിഗേഷൻ ചാർജ്ജ് | 10000 | 00 | 3504 | 00 | 10000 | 00 |
| 16. | സ്റ്റാഫ് & സബ്സ്ക്രൈബേഴ്സ് വെൽഫെയർ ഫണ്ട് | 90000 | 00 | 19288 | 00 | 90000 | 00 |
| 17. | ബോണസ്സ് | 50000 | 00 | 36126 | 00 | 40000 | 00 |
| 18. | ഫെസ്റ്റിവൽ അലവൻസ് | 30000 | 00 | ............ | 00 | 20000 | 00 |
| 19. | പ്രൊഫഷണൽ ചാർജ്ജ് | 20000 | 00 | 9180 | 00 | 20000 | 00 |
| 20. | സംഭാവന | 10000 | 00 | 3000 | 00 | 10000 | 00 |
| 21. | ലൈബ്രറി | 10000 | 00 | 1573 | 00 | 10000 | 00 |
| 22. | ഓഡിറ്റ് ഫീസ് | 50000 | 00 | 35000 | 00 | 50000 | 00 |
| 23. | പ്രൊവിഡന്റ് ഫണ്ട് | 50000 | 00 | 38428 | 00 | 25000 | 00 |
| 24. | റിപ്പയേഴ്സ് | 20000 | 00 | 13826 | 00 | 20000 | 00 |
| 25. | തേയ്മാനം | 30000 | 00 | 31766 | 46 | 35000 | 00 |
| 26. | നീക്കിയിരിപ്പ് | 73000 | 00 | 18855 | 04 | 18000 | |
| | **ആകെ** | 1800000 | 00 | 1416976 | 50 | 1525000 | 00 |

# എസ്.എൻ.ബി.എസ്.സമാജം ഇരിങ്ങാലക്കുട

## ക്ഷേത്രഭരണം ബഡ്ജറ്റ് 2022 – 23 വരവ്

| | ഇനവിവരം | 2021-22ലേക്ക് പ്രതീക്ഷിച്ചത് | | 2021-22ലെ അസ്സൽവരവ് | | 2022-23ലേക്ക് പ്രതീക്ഷിക്കുന്നത് | |
|---|---|---|---|---|---|---|---|
| 1. | ഹാളിൽ നിന്നും വരവ് | 400000 | 00 | 274814 | 00 | 1000000 | 00 |
| 2. | നടവരവ് | 300000 | 00 | 478578 | 00 | 400000 | 00 |
| 3. | ഭണ്ഡാരം വരവ് | 400000 | 00 | 328828 | 00 | 400000 | 00 |
| 4. | സംഭാവന | 200000 | 00 | 254101 | 00 | 300000 | 00 |
| 5. | വിവാഹസംഭാവന | 20000 | 00 | 8401 | 00 | 50000 | 00 |
| 6. | പറമ്പാദായം | 100000 | 00 | 29833 | 00 | 100000 | 00 |
| 7. | വാടക | 120000 | 00 | 120000 | 00 | 120000 | 00 |
| 8. | പലിശ | 10000 | 00 | 502 | 95 | 10000 | 00 |
| 9. | മെമ്പർഷിപ്പ് ഫീസ് | 1500 | 00 | ............... | .... | 1500 | 00 |
| 10. | ഷഷ്ഠി | 200000 | 00 | 19000 | 00 | 600000 | 00 |
| 11 | പൂജ | 500000 | 00 | 212535 | 00 | 700000 | 00 |
| | **ആകെ** | **2251500** | **00** | **1726592** | **95** | **3681500** | **00** |
| | **ചിലവ്** | | | | | | |
| 1. | ഷഷ്ഠി | 300000 | 00 | 138528 | 00 | 1200000 | 00 |
| 2. | പൂജ | 500000 | 00 | 535398 | 00 | 600000 | 00 |
| 3. | ജയന്തി & സമാധി | 10000 | 00 | 3388 | 00 | 150000 | 00 |
| 4. | പറമ്പു സംരക്ഷണം | 40000 | 00 | 12257 | 00 | 40000 | 00 |
| 5. | റിപ്പയറിംഗ്, മെയിന്റനൻസ് | 100000 | 00 | 788442 | 00 | 400000 | 00 |
| 6. | പ്രിന്റിംഗ് & സ്റ്റേഷനറി | 10000 | 00 | 4984 | 00 | 10000 | 00 |
| 7. | നികുതി | 20000 | 00 | 16532 | 00 | 20000 | 00 |
| 8. | സ്വീകരണം | 10000 | 00 | ............. | 00 | 10000 | 00 |
| 9. | പൊതുയോഗം | 100000 | 00 | ............. | 00 | 100000 | 00 |
| 10 | തെരഞ്ഞെടുപ്പ് | 75000 | 00 | ............. | 00 | 75000 | 00 |
| 11. | പലവക | 10000 | 00 | 9484 | 00 | 10000 | 00 |
| 12. | ചാരിറ്റി | 100000 | 00 | 48000 | 00 | 125000 | 00 |
| 13. | ലൈബ്രറി | 50000 | 00 | ............. | 00 | 50000 | 00 |
| 14 | സ്പോർട്സ് | 10000 | 00 | ............. | 00 | 10000 | 00 |
| 15. | ഇൻഷൂറൻസ് | 25000 | 00 | 22128 | 00 | 25000 | 00 |
| 16. | വിദ്യാഭ്യാസ ചെലവുകൾ | 10000 | 00 | 8764 | 00 | 10000 | 00 |
| 17. | ലൈസൻസ് ഫീ & ടാക്സ് | 10000 | 00 | ............... | 00 | 10000 | 00 |
| 18. | തേയ്മാനം | 800000 | 00 | 783773 | 14 | 800000 | 00 |
| 19. | അധിക ചിലവ്/നീക്കിയിരിപ്പ് | 21500 | 00 | -678545 | .19 | 36500 | 00 |
| | **ആകെ** | **2251500** | **00** | **1726592** | **95** | **3681500** | **00** |

## എസ്.എൻ.ബി.എസ്.സമാജം ഇരിങ്ങാലക്കുട

# കുറി സപ്ലിമെന്ററി ബഡ്ജറ്റ് 2021 – 2022

| | ഇനവിവരം | 2021-22 ലേക്ക് പ്രതീക്ഷിച്ചത് | | 2021-22ലെ അസ്സൽചെലവ് | | 2021-22ലെ അധിക ചെലവ് | |
|---|---|---|---|---|---|---|---|
| 1. | സ്വീപ്പിംഗ് | 100000 | 00 | 106850 | 00 | 6850 | 00 |
| 2. | തേയ്മാനം | 30000 | 00 | 31766 | 46 | 1766 | 46 |
| 3. | | | | | | | |
| | | **130000** | **00** | **138616** | **46** | **8616** | **46** |

# ക്ഷേത്രഭരണം സപ്ലിമെന്ററി ബഡ്ജറ്റ് 2021 – 2022

| | ഇനവിവരം | 2021-22 ലേക്ക് പ്രതീക്ഷിച്ചത് | | 2021-22ലെ അസ്സൽചെലവ് | | 2021-22ലെ അധിക ചെലവ് | |
|---|---|---|---|---|---|---|---|
| 1. | പൂജ | 500000 | 00 | 535358 | 00 | 35358 | 00 |
| 2. | റിപ്പയറിംഗ് & മെയിന്റനൻസ് | 100000 | | 788442 | | 688442 | |
| | | **600000** | **00** | **1323800** | **00** | **723800** | **00** |